31
ഒക്ടോബർ 2025 വെള്ളി
1201 തുലാം 14
പത്തനംതിട്ട
കേരളകൗമുദി
SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

114 വർഷങ്ങൾ
4 തലമുറകൾ

വാർത്തകൾ ശബ്ദരൂപത്തിൽ കേൾക്കാം

പരി. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ



ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

"നീതിമാന്റെ
ഓർമ്മ
വാഴ്‌വിനായ്
തീരട്ടെ..."

പരി. പരുമല തിരുമേനിയുടെ 123-ാം ഓർമ്മപ്പെരുന്നാൾ

2025 ഒക്ടോബർ 26 മുതൽ നവംബർ 03 വരെ

ഫാ. യെൽദോ ഏലിയാസ് (പരുമല സെമിനാരി മാനേജർ)

ഫാ. ഡോ. തോമസ് വർഗീസ് അമയിൽ (വൈദീക ട്രസ്റ്റി)

റോണി വർഗീസ് എബ്രഹാം (ആത്മായ സെക്രട്ടറി)



അഡ്വ. ബിജു ഉമ്മൻ (അസോസിയേഷൻ സെക്രട്ടറി)

മൗന പ്രാർത്ഥനയുടെ പുണ്യധാമം

പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഭക്തരുടെ അനന്തപ്രവാഹം'

സനോജ് വർഗീസ്

മലങ്കരസഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചു തിരുമേനിയുടെ 123ാം മത് ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഈ വേളയിൽ മഹാ പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു കണ്ണുനീരോടെ പ്രാർത്ഥിച്ച ഒരാളും ലജ്ജിച്ചുപോയിട്ടില്ല. ആ പുണ്യ ഭൂമിയിൽ പോയി അൽപ സമയം കണ്ണുകളടച്ചിരുന്നാൽ കിട്ടുന്ന മനസമാധാനം അനുഭവിച്ചറിയേണ്ടത് തന്നെ.

ഉച്ചഭാഷിണിയുടെ ആരവങ്ങളില്ല, ബഹളങ്ങളില്ല, കരഘോഷങ്ങളില്ല, എവിടെയും മൗനമായി പ്രാർത്ഥിക്കുന്ന ഭക്തർ മാത്രം. ഇടയ്ക്കിടയ്ക്ക് യാമ പ്രാർത്ഥനയ്ക്കായി ദേവാലയ മണിനാദം മുഴങ്ങുമ്പോൾ അതൊരു സ്വർഗ്ഗീയ അനുഭവമാണ്. ഈ ദിനരാത്രങ്ങൾ ആ പുണ്യ ഭൂമിയിലേക്ക് ഭക്ത ജനങ്ങളുടെ പ്രവാഹത്തിന്റെ ദിനങ്ങൾ, അതെ..പരിശുദ്ധനായ പരുമല തിരുമേനി, അടിയങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ, എന്ന് അപേക്ഷിച്ചു കൊണ്ടു ആയിരങ്ങൾ കടന്നുവരുന്ന പുണ്യദിനങ്ങൾ. പുണ്യവാന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിപറയുവനായി കടന്നുവരുന്ന ഭക്ത ജന പ്രവാഹത്തിന്റെ ദിനങ്ങൾ. മലങ്കര സഭാമക്കൾ ഈ ലോകത്തെവിടെയെല്ലാം ജീവിക്കുന്നുവോ അവിടെയെല്ലാം ഈ പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ ആചരിക്കുന്നു. മാനവരാശിയുടെ വിശുദ്ധിയുടെ പ്രതീകമായി ഈ പിതാവ് ഇന്നും ജീവിക്കുന്നു എന്നുള്ള പരമമായ സത്യമാണ് പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളിലേക്ക് നമ്മെ നയിക്കുന്നത്.

മുളന്തുരുത്തിയിൽ ചാത്തുരുത്തി കുടുംബത്തിൽ കൊച്ചു മത്തായിയുടെയും മറിയാമ്മയുടെയും മകനായി 1848 ജൂൺ 15ന് ജനിച്ച ഈ പിതാവ് മലങ്കര സഭയുടെ പരിശുദ്ധന്മാരുടെ ആദ്യ സ്ഥാനത്തേക്ക് എത്തിപ്പെട്ടത് ദൈവ സന്നിധിയിൽ തന്നെ തന്നെ സമർപ്പിച്ച് ജീവിച്ചതുമൂലമാണ്. 1902 നവംബർ 2ാം തീയതി കാലം ചെയ്യുമ്പോൾ പിതാവിന് 54 വയസ് മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. അന്ന് വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ പ്രായം കുറവായതിനാൽ പരുമല കൊച്ചുതിരുമേനി എന്നറിയപ്പെട്ടു.

ക്രിസ്തുവിനെ ജീവിതസാക്ഷിയായി അനുകരിച്ച പരിശുദ്ധനാണ് പരുമല തിരുമേനി. പ്രാർത്ഥനാജീവിതംകൊണ്ടും മനുഷ്യസ്നേഹംകൊണ്ടും ക്രിസ്ത്യാനുരൂപിയായി തീർന്ന വറ്റാത്ത ആത്മീയ സ്രോതസാണ് പരിശുദ്ധ പരുമല തിരുമേനി.

ഈ ഓർമ്മ പെരുന്നാളിൽ സംബന്ധിക്കുന്ന എല്ലാവർക്കും തിരുമേനിയുടെ മദ്ധ്യസ്ഥത ബലവും ശക്തിയും കോട്ടയുമായി തീരട്ടെ!!!

പരുമല തിരുമേനിയുടെ കബറിടം

കേരളകൗമുദി
പത്തനംതിട്ട

'ശത്രുവിനെ തിന്മ കൊണ്ട് കീഴടക്കാൻ ശ്രമിക്കുന്നത് ആത്മീയ ജ്ഞാനമല്ല, നിങ്ങൾ സത്യദൈവത്തിൽ ആശ്രയിക്കുകയും സത്യസന്ധമായ ഹൃദയത്തോടെ പുറപ്പെടുകയും ചെയ്താൽ, ദൈവം നിങ്ങൾക്കായി കാര്യങ്ങൾ നിറവേറ്റും'

പരുമല തിരുമേനി

ജീവിതം വേദമായി വേദമേ ജീവിതം

ജീവിതം ജന്മമേ ദൈവീകമായി

സത്യാന്വേഷണ പാതയിലെ പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ ധാരണകളെയും സാധനകളെയും ഒരു സാധുവിന്റെ സഞ്ചാരം പോലെ വർണ്ണിക്കുന്ന ഒരു ചെറിയ ഗ്രന്ഥമാണ് മൗണ്ടിൽ ഓഫ് സൈലൻസ്. ആഥോസ് മലനിരകളിലെ സന്യാസ പരമ്പരയിലെ ഇളമുറക്കാരൻ ഫാദർ മാക്സി മോസിനോടൊത്തുള്ള ഗ്രന്ഥകാരന്റെ സഹയാത്രയും സംഭാഷണവും ആണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദന രീതി. യുക്തിയും ഭക്തിയും തമ്മിലുള്ള ബന്ധത്തെ കുറിച്ചാണ് ഇതിൽ സൂചിപ്പിക്കുന്നത്. ദൈവദർശനം സാധ്യമാക്കുന്ന ഹൃദയ ശുദ്ധീകരണ പാതയെ കുറിച്ചൊക്കെ വർണ്ണിക്കുന്നതിന്റെ ഒടുവിൽ സഭ എന്തെന്നും വേദപുസ്തകം എന്തെന്നും വിശുദ്ധന്മാർ ആരൊക്കെ എന്നും ലളിത സുന്ദരമായ നിർവചനം ഈ പുസ്തകം സമ്മാനിക്കുന്നു.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും എന്നാണ് അഷ്ട സൗഭാഗ്യങ്ങളിൽ ക്രിസ്തു നമുക്ക് നൽകിയിരിക്കുന്ന ഉറപ്പ്. ദൈവ ദർശനം സാധ്യമാക്കുന്ന ഹൃദയശുദ്ധീകരണ പാതയിൽ അതിനു വിഘാതമായി വരുന്ന ഹൃദയ രാഗങ്ങളെയും മനോമാലിന്യങ്ങളെയും വിപാടനം ചെയ്യുന്ന അതിനെ ചികിത്സിക്കുന്ന ഒരു ആശുപത്രിയാണ് സഭ എന്ന് ഇവിടെ പരമാർശിക്കുന്നു. സത്യവേദപുസ്തകം ആകട്ടെ ദൈവത്തിൽ നിന്നുള്ള മനുഷ്യന്റെ അകൽച്ചയെ സുഖപ്പെടുത്തുന്നു. ഒരു തെറാപ്യൂട്ടിക് ടൂൾ ആയിട്ടാണ് അവതരിപ്പിക്കുന്നത്. സത്യവേദപുസ്തകത്തെ കുറിച്ചുള്ള വിദഗ്ധ അഭിപ്രായം തേടേണ്ടത് റിലീജിയസ് ഫണ്ടമെന്റലിസ്റ്റുകളിൽ നിന്നോ ബൈബിൾ ഹിസ്റ്റോറിയൻസിൽ നിന്നോ അല്ല ബൈബിൾ പ്രാക്ടീസ് ചെയ്തവരിൽ നിന്നാണ് എന്ന് ഈ ഗ്രന്ഥം വളരെ സവിശേഷമായി പറഞ്ഞുവെക്കുന്നു.

യഥാർത്ഥത്തിൽ വേദപുസ്തകം പ്രാക്ടീസ് ചെയ്യുവരാണ് വിശുദ്ധന്മാർ അത്തരത്തിൽ സത്യവേദപുസ്തകം കൊണ്ട് തന്റെ ജീവിതം കൊണ്ട് പകർത്തി എഴുതിയ ഒരു മഹാത്മാവ് ആയിട്ടാണ് പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയെ നാം മനസ്സിലാക്കുന്നത്. ഒരുപക്ഷേ നമുക്ക് പലപ്പോഴും തോന്നുന്നത് സുവിശേഷം അത്ര പ്രായോഗികമല്ല എന്നാണ്. സുവിശേഷ പരമായ നടപടികളിലേക്ക് നയിക്കണമേ എന്ന പ്രാർത്ഥനയോടെയാണ് നാം ഏവരും വിശുദ്ധ മാമോദിസ സ്വീകരിച്ചിട്ടുള്ളത്. എങ്കിലും സുവിശേഷം പ്രസംഗിക്കാൻ ഉള്ളതാണ് ജീവിക്കുവാൻ പ്രയാസമുള്ളതാണ് എന്ന് തെറ്റിദ്ധാരണ എപ്പോഴും നമ്മിൽ അടിഞ്ഞു കൂടാറുണ്ട്. ആ ഒരു തെറ്റായ ധാരണയാണ് പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതം മെല്ലെ മെല്ലെ ഓരോ ഓർമ്മ പെരുന്നാളിലും നമ്മിൽ നിന്ന് അടർത്തി മാറ്റിയെടുക്കുന്നത്

▸സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്താ

ജീവിച്ചിരുന്ന കാലത്ത് തന്നെ 10 കൽപ്പനകൾ എഴുതിയ കൽപ്പലകകൾ പോലെയോ നമ്മുടെ കർത്താവിന്റെ സദാചാര വാക്യങ്ങൾ മാത്രം എടുത്തെഴുതിയ ഒരു സവിശേഷ സംഗ്രഹ പുസ്തകം പോലെയോ ആണ് ഈ നാട്ടിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പരിശുദ്ധ പരുമല തിരുമേനി ശോഭിച്ചതെന്ന് 1903 ൽ പ്രസിദ്ധമായ ശ്രീ എം പി വർക്കിയുടെ മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത എന്ന ഗദ്യ ജീവചരിത്രത്തിന്റെ മുഖവരയിൽ കണ്ടത്തിൽ വർഗീസ് മാപ്പിള ഈ പരിശുദ്ധനെ വർണ്ണിച്ചിരിക്കുന്നത്. 10 കൽപ്പനകൾ എഴുതിയ കല്പകകൾ പോലെയോ ജീവിതം ഒരു സുവിശേഷ സംഗ്രഹ പുസ്തകം പോലെയോ, അതാണ് പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവനവും ജീവിതവും. വേദപൊരുൾ ഗ്രഹിച്ച ഈ മഹാപുരോഹിതന്റെ ചിദാകാശം മഹാകാശം പോലെ വിശാലവും അഗാധവുമായി പരിണമിച്ചതിന്റെ ദൃഷ്ടാന്തമാണ് വിദ്യ നിഷേധിക്കപ്പെട്ടവനും രാജപാതയിൽ കയറി നടക്കുവാൻ അവകാശം ഇല്ലാത്തവനുവേണ്ടി പരിശുദ്ധൻ നടത്തിയ പ്രയത്നങ്ങൾ ശൈശവ വിവാഹം പോലെയുള്ള ദുരാചാരങ്ങൾക്കെതിരെ അദ്ദേഹം ഉയർത്തിയ ശബ്ദം ഇതെല്ലാം ഉൾക്കൊള്ളുന്നു. ഇത്തിരിവട്ടത്തെ സുൽത്താന്മാരായി അൽപ്പന്മാരുടെ ആകാശഗംഗയിൽ ഭ്രമണം ചെയ്യുവോളം നാം ചെറിയ ലോകത്തിലെ വലിയ മനുഷ്യരായിരിക്കും.

അതുകൊണ്ടാണ് ഈ വലിയ ലോകത്തിലെ ചെറിയ മനുഷ്യരെ നമുക്ക് പലപ്പോഴും കാണാൻ പറ്റാത്തതും അവരുടെ പ്രശനങ്ങൾ അറിയാൻ പറ്റാത്തതും ദിനംപ്രതി ഉയരുന്ന അരിവില പോലും യാതൊന്നും നമ്മുടെ പ്രശ്നമല്ല മറ്റാരുടെയോ പ്രശ്നമാണെന്ന് മൗഢ്യത്തിൽ സ്വാർത്ഥതയുടെ കുടീരങ്ങളിൽ നാം വാഴുമ്പോൾ മരണാനന്തരവും ഒരു മനുഷ്യൻ മനുഷ്യരുടെ പ്രതീക്ഷയാണ്. അനേകായിരം മനുഷ്യരുടെ കണ്ണീരും നോവും മനസ്സിലാക്കുന്ന ഒരാളെന്ന നിലയിൽ

ജാതിവർണ്ണ വർഗ്ഗ ഭേദമന്യേ മനുഷ്യരെ ചേർത്തുനിൽക്കുന്ന മഹാ ആകാശമായി നിലകൊള്ളുകയാണ് ഈ പരിശുദ്ധൻ. മനുഷ്യരെ ദൈവത്തിങ്കലേക്ക് കണ്ണുയർത്താൻ പഠിപ്പിച്ച ഏതൊരു മനുഷ്യപുത്രനും ക്രിസ്തുയേശുവിനെ തന്നെയാണ് നമ്മെ ഓർമിപ്പിക്കുക. നവോത്ഥാനത്തിന്റെ ഈ പുത്തൻ തീ ആളാതെയു പാളാതെയും കാളാതെയും സ്ഥിരവും ശുദ്ധവും ഭദ്രവുമായി നമ്മുടെ വർത്തമാനകാലത്തിന് ചൂടും വെളിച്ചവും പകരുന്നു.

പരുമല തിരുമേനിയുടെ ആദ്യകാല വസതി അഴിപ്പുര

പരുമലയിലെ വിശുദ്ധൻ

എറണാകുളം മുളന്തുരുത്തി ചാത്തുരുത്തി കുടുംബത്തിലെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് പരുമലയിൽ എത്തുന്നത് 1877 മെയ് അഞ്ചിനാണ്. നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി 29ാം വയസിൽ ചുമതല ലഭിച്ച അദ്ദേഹം ജൂൺ മുതൽ പരുമല അഴിപ്പുരയിൽ താമസിച്ചു.

തിരുവല്ല മാന്നാറിൽ പമ്പാനദിയുടെ തീരത്ത് എരമല്ലിക്കര മുതൽ പന്നായിപാലം വരെയുള്ള ഏഴ് ചതുരശ്ര കിലോമീറ്ററോളം വിസ്തീർണ്ണമുള്ള ദ്വീപാണ് പരുമല ഇത് വൻകാടുകളും മരങ്ങളും നിറഞ്ഞ വന പ്രദേശമായിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ 1872 ൽ പരുമലയിൽ എത്തി. ഇവിടെ ഒരു പള്ളി നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. പരുമല അരികുപുറത്ത് കോരുള മാത്തൻ നൽകിയ സ്ഥലത്ത് അഴികളോടുകൂടിയ ഒരു പുര പണിതു. അതാണ് പരുമലയിലെ 'അഴിപ്പുര'.

കരിമ്പനക്കൂട്ടങ്ങളും യക്ഷിക്കാടുകളും നിറഞ്ഞ ഏകാന്ത സ്ഥലമായ പരുമലയിലെ 'അഴിപ്പുരയിൽ താമസിച്ച് പ്രവർത്തനം ആരംഭിച്ച പരുമല തിരുമേനി ഭദ്രാസനഭരണം, അജപാലന ശുശ്രൂഷ, വൈദിക പരിശീലനം എന്നിങ്ങനെ നിരവധി ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു.

കേരളത്തിന്റെ തെക്കൻ ഭാഗത്ത് വൈദികരെ പരിശീലിപ്പിക്കുന്നതിനും ദയറാപ്രസ്ഥാനം വളർത്തുന്നതിനുമായി സ്ഥാപിച്ചതാണ് 'അഴിപ്പുര.' വൈദികരെ അഭ്യസിപ്പിച്ചതിനാൽ 'പരുമല സെമിനാരി' എന്നും അറിയപ്പെട്ടു. ആദ്യകാലത്ത് സെമിനാരി, 'മല്പാൻ ഭവനം' ആയിരുന്നു. 'പഠിത്തവീട്' എന്നും പറഞ്ഞിരുന്നു. ഗുരു അഥവാ മല്പാൻ വസതിയിൽ നടക്കുന്ന പാഠശാലയാണിത്.

ധാരാളം വൈദികരെ ആദ്ധ്യാത്മിക രഹസ്യങ്ങളുടെ ആദിപാഠങ്ങൾ പഠിപ്പിക്കുന്നതിന് പരുമല മാർ ഗ്രിഗോറിയോസ് പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു. കേരളത്തിലെ നിരവധി ശ്രേഷ്ഠരായ ശിഷ്യന്മാരെ പരുമലയിൽ നിന്നും വാർത്തെടുത്തു.



▸ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ (പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

പരുമലയിൽ താമസിച്ച് ഇടയശുശ്രൂഷകൾക്ക് നേതൃത്വം നൽകിയതിനാൽ പരുമല തിരുമേനി എന്ന് വിശേഷിപ്പിച്ചു. ഇപ്പോൾ പരുമല തിരുമേനി എന്നത് അദ്ദേഹത്തിന്റെ ഔദ്യോഗിക നാമമായി ലോകം അംഗീകരിച്ചു. പരുമല പള്ളി പണിത് 1895 ജനുവരി 27 ന് താൽക്കാലിക കൂദാശ ചെയ്തു. തുടർന്ന് അദ്ദേഹം പരുമലയിൽ നിന്ന് യെരുശലേമിലേക്ക് യാത്ര തിരിച്ചു. ജൂണിൽ യെരുശലേമിൽ നിന്ന് തിരിച്ചെത്തിയപ്പോൾ പരുമല പൗരാവലി നൽകിയ സ്വീകരണത്തിലെ മറുപടി പ്രസംഗമാണ് ഭക്തവചനം എന്നറിയപ്പെടുന്നത്. പരുമല തിരുമേനിയുടെ സാമൂഹിക നവോത്ഥാന കാഴ്ചപ്പാടുകൾ വിളംബരം ചെയ്യുന്ന ഉജ്ജ്വല പ്രഭാഷണമാണിത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും ദളിത് ജനതയുടെ വിമോചനത്തിനും സാമൂഹിക നവോത്ഥാനത്തിനുമുള്ള ആഹ്വാനമാണ് പരുമല പ്രസംഗത്തിൽ മുഴങ്ങുന്നത്.

കേരളത്തിലെ ഉജ്ജ്വലമായ ആത്മിയ പ്രകാശസ്രോതസായ പരുമല തിരുമേനി, വിശുദ്ധിയുടെയും പരിത്യാഗത്തിന്റെയും ശൈലികൾ ജീവിച്ചിരുന്നപ്പോൾ തന്നെ കാട്ടിക്കൊടുത്തു. സ്നേഹം, പരിത്യാഗം, സാമൂഹ്യ സേവനം. വ്യക്തിബന്ധം, സാമൂഹ്യപരിഷ്കരണം, സാഹിത്യ സേവനം എന്നീ വിവിധ മേഖലകളിൽ അദ്ദേഹം നിരന്തരമായി ഇടപെട്ടു.

കേരളത്തിന്റെ തെക്കും വടക്കുമുള്ള പ്രദേശങ്ങളിൽ ആദ്ധ്യാത്മിക പ്രബോധനങ്ങൾ നൽകുന്നതിൽ പരുമല തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. പരുമല കേന്ദ്രീകരിച്ചാണ് നിരണം (1877-1902), തുമ്പമൺ (1884-1902), കൊല്ലം (1895-1902) ഭദ്രാസനങ്ങളുടെ ചുമതല അദ്ദേഹം വഹിച്ചത്. മലങ്കര സഭയിലെ മുഴുവൻ പള്ളികളിലേയും റശ്ശീസാ പിരിവ് ശേഖരണത്തിന്റെ മുഖ്യ ചുമതലയും ഉണ്ടായിരുന്നതിനാൽ മലങ്കരസഭയിലെ മുഴുവൻ ഇടവകകളിലും ഒരു പരിധിവരെ അധികാരവും അവകാശവും ഉണ്ടായിരുന്നു.

കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന പ്രക്രിയയ്ക്കും സാമൂഹികമാറ്റങ്ങൾക്കും ധീരമായ നേതൃത്വം നൽകുവാൻ പരുമല തിരുമേനിക്ക് കഴിഞ്ഞു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലും കേരളത്തിന്റെ സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാളിത്തം വഹിച്ച കർമ്മയോഗിയാണ് പരുമല തിരുമേനി. ജാതീയ ചിന്തകൾക്കും സാമൂഹിക വേർതിരിവുകൾക്കും അതീതമായ സമീപനമായിരുന്നു പരുമല തിരുമേനിയുടേത്.

പരുമല പദയാത്രകളുടെ ഉത്ഭവം തിരുവല്ല എം.ജി.എം സ്കൂളിൽ നിന്ന്

പരുമല കബറിടത്തിലേക്കുള്ള പ്രഥമ പദയാത്രയെ പറ്റി 1903 നവംബർ പതിനൊന്നാം തീയതിയിലേതായി പ്രമുഖ പത്രത്തിൽ ലേഖന രൂപത്തിൽ വന്ന റിപ്പോർട്ടിന്റെ അവസാനത്തിൽ ഇപ്രകാരം പറയുന്നു: 'തിങ്കളാഴ്ചത്തെ പ്രസംഗത്തിന്റെ മദ്ധ്യത്തിൽ മാർ ഗ്രീഗോറിയോസ് സ്മാരക ഹൈസ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും സെമിനാരിയിൽ വരികയും മെത്രാപ്പോലീത്തന്മാരാലും മറ്റും താത്പര്യപൂർവ്വം കൈക്കൊള്ളപ്പെടുകയും ചെയ്തു'.

(പരുമലപ്പെരുന്നാൾമാർ ഗ്രീഗോറിയോസ് വിയോഗം പൊൻ ജൂബിലി സുവനീർ പരുമല സിമ്മനാരിയിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നത് പേജ് 38,39-1952).2003 നവംബർ രണ്ടിന് പരുമല സെമിനാരിയിൽ പ്രധാന പെരുന്നാൾ കുർബാനയോട് ചേർന്ന് നടത്തപ്പെട്ട ചടങ്ങിൽ വെച്ച്പരിശുദ്ധബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് പദയാത്രയുടെ ശതാബ്ദിസ്മാരകമായുള്ള ഉപഹാരം നൽകി പരുമല കബറിങ്കലേക്കുള്ള പ്രഥമ പദയാത്രയെ(തിരുവല്ല എം ജി എം സ്കൂളിനെ) ആദരിക്കുകയുണ്ടായി.

ദ്വിതീയ പദയാത്ര 1968 ൽ പരിശുദ്ധന്റെ ജന്മനാടായ മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകയിൽ നിന്നും പരേതനായ ഇടപ്പങ്ങാട്ടിൽ കെ. ജെ കുര്യാക്കോസ് കത്തനാരുടെ നേതൃത്വത്തിൽ ആരംഭിച്ച പദയാത്രയാണ്. പിൽക്കാലത്തു വടക്കൻ മേഖലാ തീർത്ഥാടകസംഘമായി വിപുലീകരിക്കപ്പെട്ട മുളന്തുരുത്തി ഇടവകയുടെ പദയാത്രയാണ് മലങ്കരയിൽ ഇദംപ്രഥമമായി ഇടവക തലത്തിൽ സംഘാടനം ചെയ്യപ്പെട്ട പദയാത്ര.

കൈപ്പെട്ടൂർ പള്ളിയുടെ പദയാത്ര 1969 ൽ മാത്രമാണ് ആരംഭിച്ചത്.

കേരളത്തിലെ കിഴക്കൻ ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വിശുദ്ധ തോമാ ശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ ദേവാലയത്തിൽ നിന്നും 1987ലാണ് പദയാത്ര ആരംഭിക്കുന്നത്. അത്ഭുത സിദ്ധിയുള്ള കാട്ടുവള്ളി കുരിശുമേന്തിയാണ് തീർത്ഥാടകസംഘം പരുമല കബറിങ്കലേക്ക് കാൽനടയാത്ര നടത്തുന്നത്. ഇടുക്കി, മലബാർ ഭദ്രാസന നള്ള യുവജനപ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിലും പദയാത്ര സംഘടിപ്പിക്കുന്നുണ്ട്. ഇന്ന് നാനാ ജാതി മത സ്ഥരായ വിശ്വാസികളുടെ സംഗമഭൂമിയാണ് പരുമല പള്ളിയും, പുണ്യവാന്റെ കബറിടവും.

മലങ്കരയിലെ ദൈർഘ്യമേറിയ പദയാത്ര കണ്ണൂർ ജില്ലയിലെ കേളകം സെന്റ് തോമസ് ശാലേം പള്ളിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്. 11 ദിവസം നീണ്ടുനിൽക്കുന്ന പദയാത്ര 1994ലാണ് ആരംഭിച്ചത്. 9 ജില്ലകളിലൂടെ 410 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചാണ് കേളകത്തു നിന്നുള്ള സംഘം പരുമല യിലെ കബറിങ്കൽ എത്തിച്ചേരുന്നത്.

പരിശുദ്ധന്റെ നാമത്തിൽ ഡൽഹിയിലും, മഹാരാഷ്ട്രയിൽ നിന്നും ,ഷാർജാ, മെൽബൺ, യു.കെ മുതലായ പള്ളികളിൽ നിന്നും കേരളത്തിൽ വന്നിട്ട് പദയാത്രയായി പരുമലയിൽ എത്തിച്ചേരുന്നു.

മലയാളത്തിലെ ആദ്യ അച്ചടിച്ച യാത്രാവിവരണം:

പരുമല തിരുമേനിയുടെ ആത്മീയ സഞ്ചാരപഥം

▸ഡോ. പോൾ മണലിൽ

മലയാളത്തിൽ അച്ചടിച്ച ലക്ഷണമൊത്ത ആദ്യത്തെ യാത്രാവിവരണമായ 'ഊർശ്ലേം യാത്രാവിവരണ'ത്തിന്റെ കർത്താവ് പരുമല തിരുമേനി എന്നറിയപ്പെടുന്ന ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയാണ്. 1895 -ൽ തിരുമേനി നടത്തിയ യെറുശലേം തീർത്ഥാടനത്തിൻറെ അനുഭവക്കുറിപ്പുകളാണ് അതേവർഷം തന്നെ പുസ്തകരൂപത്തിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥം. മലയാള ഗദ്യത്തിൻറെ വളർച്ചയുടെ നാഴികക്കല്ലായി കണക്കാക്കപ്പെടുന്ന ഈ സഞ്ചാരസാഹിത്യ രചന ആദ്യത്തെ അച്ചടിച്ച ലക്ഷണമൊത്ത യാത്രാവിവരണമാണെന്ന വാദം ഇതിനകം സാഹിത്യചരിത്രകാരന്മാരും പണ്ഡിതന്മാരും ഗവേഷകരും അംഗീകരിച്ചുകഴിഞ്ഞു.

മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം പാറേമ്മാക്കൽ തോമ്മാകത്തനാർ എഴുതിയ 'വർത്തമാനപ്പുസ്തകം' ആണെന്നായിരുന്നു ഇത്രയുംകാലം സാഹിത്യചരിത്രകാരന്മാർ ധരിച്ചുവച്ചിരുന്നത്. ഉള്ളൂരിന്റെ 'കേരള സാഹിത്യചരിത്ര'ത്തിൽ പോലും പരുമല തിരുമേനിയുടെ 'ഉർശ്ലേം യാത്രാവിവരണ'ത്തെപ്പറ്റി പരാമർശിച്ചു കാണാത്തതിനാൽ ഈ കൃതിയെപ്പറ്റി പില്ക്കാലത്ത് സാഹിത്യകാരന്മാർ ഒരിടത്തും ചർച്ച ചെയ്തിരുന്നില്ല.

'വർത്തമാനപ്പുസ്തക'ത്തിൻറെ കൈ യെഴുത്തുപ്രതി തയ്യാറാക്കിയത് 1785-ലായിരുന്നു. അന്ന് അച്ചടി പ്രചുരപ്രചാരം നേടിയിരുന്നെങ്കിലും ഈ കൃതി ആദ്യമായി അച്ചടിച്ചത് 1936-ലായിരുന്നു. 'ഊർശ്ലേം യാത്രാവിവരണ'മാകട്ടെ 1895-ൽ എഴുതപ്പെടുകയും അച്ചടിക്കപ്പെടുകയും ചെയ്ത കൃതിയാണ്.

വിശുദ്ധ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന പ്രധാനചരിത്രസംഭവങ്ങൾ നടന്ന സ്ഥലങ്ങളും യേശുവിൻറെ കാൽപ്പാദങ്ങളാൽ പവിത്രമായ ഊർശ്ലേം പട്ടണവും സന്ദർശിക്കാൻവേണ്ടി 1895 ജനുവരിയിൽ (മകരം 16) പരുമലയിൽ നിന്നു പുറപ്പെട്ട് 1895 മെയ് മാസം(ഇടവം 5) തിരിച്ചെത്തിയ ഒരു യാത്രയുടെ വിവരണങ്ങളാണ് പരുമല തിരു മേനി 'ഊർശ്ലേം യാത്രാവിവരണം' എന്ന പേരിൽ ഒരുമാസംകൊണ്ട് എഴുതിത്തീർത്തത്. തുടർന്ന് കോട്ടയം പഴയസെമിനാരിയിൽ ഉണ്ടായിരുന്ന മാർത്തോമൻ അച്ചുകൂടത്തിൽനിന്ന് ഇതിൻറ ആയിരം പ്രതി അച്ചടിച്ചു. രണ്ടുമാസംകൊണ്ട് ഇതു വിറ്റഴിഞ്ഞതിനാൽ ഉടനെതന്നെ ഇതിന്റെ രണ്ടാം പതിപ്പും പുറത്തിറക്കി. തിരുമേനി കാലം ചെയ്യുന്ന

തിനുമുൻപ്(1902) ഇതിൻറെ രണ്ടു പതിപ്പുകൾക്കും പുറത്തിറക്കി. തിരുമേനി കാലം ചെയ്തതിനുശേഷം വിവിധ

പ്രസാധകർ ഈ കൃതിയുടെ ഒരു ഡസനിലേറെ പതിപ്പുകൾ പ്രകാശിപ്പിച്ചെങ്കിലും 1996 -ൽ സുകുമാർ അഴീക്കോടിൻറെ അവതാരികയോടെ ശതാബ്ദിപ്പതിപ്പ് കോട്ടയത്തെ കറൻറ് ബുക്സ് പ്രസിദ്ധപ്പെടുത്തിയ തോടെയാണ് ഈ പുസ്തകം സാഹിത്യരംഗത്ത് വിവാദം ഉയർത്തിയ ചർച്ചയ്ക്കു വിധേയമായത് 'ആധുനിക മലയാളസാഹിത്യചരിത്ര'ത്തിലും (ഡോ. കെ.എം ജോർജ്), 'മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളി ലൂടെ'യിലും (എരുമേലി) ഈ വിവാദത്തിലെ യുക്തികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. 'വർത്തമാനപ്പുസ്തകത്തിൻറെ മഹത്വം അംഗീകരിച്ചുകൊണ്ടുതന്നെ 'ഊർശ്ലേം യാത്രാവിവരണ'ത്തിന്റെ ഉൽകൃഷ്ട ശൈലിയെ നിരൂപകർ



വാഴ്ത്തുന്നു.

പരുമല തിരുമേനിയുടെ നേതൃത്വത്തിൽ പൗലോസ് റമ്പാൻ, വട്ടശേരിൽ ഗീവറുഗീസ് കത്തനാർ തെക്കൻ പറവൂർ തോപ്പിൽ ലൂക്കോസ്, തുമ്പമൺ കരിങ്ങാട്ടിൽ സ്കറിയാ കത്തനാർ, കടമ്മനിട്ട പുത്തൻ പൂരയ്ക്കൽ ഗീവറുഗീസ് കത്തനാർ ശീമക്കാരൻ ശ്ലീബാ ശെമ്മാശൻ, പരുമല തോപ്പിൽ (മണലിൽ) ഫിലിപ്പോസ് എന്നിവരായിരുന്നു ഊർശ്ലേം തീർത്ഥാടനത്തിനു പുറപ്പെട്ടത്. ഈ എട്ടംഗസംഘം പട്ടാമ്പിയിൽനിന്ന് മുംബൈ നഗരം വരെ തീവണ്ടിയിലും അവിടെനിന്ന് പോർട്ട്സായിഡ് വരെ കപ്പലിലും അവിടെനിന്ന് ഊർശ്ലേംവരെ തീവണ്ടിയിലും യാത്ര ചെയ്തു. യാത്രാസൗകര്യങ്ങൾ തീരെ കുറവായിരുന്ന ഒരു കാലത്ത് വളരെ ക്ലേശം സഹിച്ചു നടത്തിയ ഈ യാത്രയുടെ അനുഭവക്കുറിപ്പുകൾ കേരളത്തിലെ സഭാമക്കൾക്കുവേണ്ടിയാണ് പരുമല തിരുമേനി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയത്. സഭാ മക്കളിൽനിന്ന് പണം ശേഖരിച്ചായിരുന്നു യാത്രയ്ക്കുള്ള പണം തിരുമേനി ഒരുക്കിയിരുന്നത്.

സഞ്ചാരസാഹിത്യത്തിന് ലോകത്ത് ഒരെഴുത്തുകാരനും നല്കാത്ത ഒരു നിർവചനംകൂടി ഈ ഗ്രന്ഥത്തിലൂടെ പരുമല തിരുമേനി നല്കി-സഞ്ചാര സാഹിത്യം കാഴ്ചയുടെ പൂർണ്ണതയാണെന്ന് തിരുമേനി നിർവചിച്ചു.

കാഴ്ചയുടെ പൂർണ്ണതയെ പരുമല തിരുമേനി ഇങ്ങനെ നിർവചിച്ചിരുന്നു: 'ഈശ്വരനെ ആത്മാവിലും സത്യത്തിലും സേവിക്കണമെങ്കിലും ആത്മാവിന്റെയും സത്യത്തിന്റെയു ഉന്നതി പ്രാപിക്കുവാൻ കാഴ്ച ഏറ്റവും ഉപയോഗമുള്ളതാണ്. ചെവികൊണ്ടു ഗ്രഹിക്കാവുന്നതിൽ അധികം കണ്ണു കൊണ്ട് ഗ്രഹിക്കാം. അതിലൂടെയുണ്ടാകുന്ന വിശ്വാസസ്ഥിരതയും മനസിന്റെ ഭക്തിയും നാം രുചിച്ചുതന്നെ അറിയണം.

കാഴ്ചയുടെ പൂർണ്ണതയെ രുചിച്ചറിയാനുള്ള ഉദാത്തമായ ഒരവസരമാണ് പരുമല തിരുമേനി ഭാഷയ്ക്ക് സംഭാവന ചെയ്തിരിക്കുന്നത്. 'ഊർശ്ലേം യാത്രാവിവരണ'ത്തിലൂടെ മലയാള ഭാഷയ്ക്ക് സംഭാവന ചെയ്തിരിക്കുന്നത്.

പരുമല തിരുമേനിയുടെ ധർമ്മ ജ്യോതിസ്സ്: ക്രിസ്തുവിന്റെ ദിനാനുകമ്പയുടെ സാക്ഷ്യം

▸ഫാ അലക്സാണ്ടർ ഏബ്രഹാം
(നിരണം ഭദ്രാസന സെക്രട്ടറി)

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ പരിശുദ്ധനായ പരിശുദ്ധ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (പരുമല തിരുമേനി), കേവലം ഒരു ആത്മീയ നേതാവായിരുന്നില്ല. മറിച്ച്, സാമൂഹിക സമത്വത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി നിലകൊണ്ട്, ക്രിസ്തുവിന്റെ ദീനാനുകമ്പ സ്വന്തം ജീവിതത്തിൽ പകർത്തിയ ധർമ്മജ്യോതിസ്സായിരുന്ന അദ്ദേഹം തിരുമേനിയുടെ ജീവിതവും ശുശ്രൂഷയും, അദ്ദേഹത്തിന്റെ കർമ്മകാണ്ഡം പാവപ്പെട്ടവരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള സ്നേഹത്താൽ നിറഞ്ഞിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

1. ത്യാഗത്തിന്റെ താപസചര്യയും സ്നേഹത്തിന്റെ കാരുണ്യവും

അത്യധികം കഠിനമായ ഉപവാസവും പ്രാർത്ഥനയും നിറഞ്ഞ ഒരു സന്യാസജീവിതമാണ് തിരുമേനി നയിച്ചിരുന്നത്. എന്നാൽ, അദ്ദേഹത്തിന്റെ ഈ താപസചര്യ ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നില്ല; മറിച്ച്, മനുഷ്യന്റെ ദുരിതങ്ങളിലേക്കും ആവശ്യങ്ങളിലേക്കും കൂടുതൽ തീവ്രമായി ഇറങ്ങിച്ചെല്ലാനുള്ള ആത്മീയ ശക്തിയുടെ സ്രോതസ്സായിരുന്നു. യേശുക്രിസ്തുവിന്റെ നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവർക്കും ദാസനായിരിക്കണം എന്ന സുവിശേഷ സന്ദേശം തിരുമേനി അക്ഷരംപ്രതി അനുവർത്തിച്ചു. സ്വന്തം ജീവിതത്തിൽ മിതത്വം പാലിക്കുകയും, ലഭിക്കുന്നതെല്ലാം പാവപ്പെട്ടവർക്കും അശരണർക്കുംവേണ്ടി ചെലവഴിക്കുകയും ചെയ്തു.

2. സാമൂഹിക പരിഷ്കരണത്തിന്റെ ദീർഘവീക്ഷണം: വിദ്യയിലൂടെ വിമോചനം

കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയുടെയും അനാചാരങ്ങളുടെയും ക്രൂരതകൾക്കെതിരെ ശബ്ദമുയർത്തിയ സാമൂഹിക പരിഷ്കർത്താവായിരുന്നു പരുമല തിരുമേനി. തീണ്ടലും തൊടിലും നിലനിന്നിരുന്ന കാലത്ത്, ദളിത് വിഭാഗങ്ങൾക്കും താഴ്ന്ന ജാതിക്കാർക്കും വേണ്ടി അദ്ദേഹം പ്രത്യേക പരിഗണന നൽകി. വിദ്യാഭ്യാസമാണ് ദാരിദ്ര്യത്തിൽ നിന്നും സാമൂഹിക വിവേചനത്തിൽ നിന്നുമുള്ള വിമോചനത്തിനുള്ള താക്കോൽ എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കാൻ അദ്ദേഹം പ്രത്യേക ശ്രദ്ധ നൽകി. ഇതിലൂടെ, സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർക്ക് അറിവിന്റെ വെളിച്ചം ലഭിക്കാൻ വഴിയൊരുക്കി.

3. അജപാലനവും ജനകീയ ബന്ധവും

ഒരു മെത്രാപ്പോലീത്ത എന്ന നിലയിൽ, തിരുമേനി തന്റെ അജഗണത്തെ നയിച്ചത് കേവലം അധികാരമുപയോഗിച്ചായിരുന്നില്ല, മറിച്ച് സ്നേഹവും സൗഹൃദവും കൊണ്ടായിരുന്നു. ധനികരെന്നോ ദരിദ്രരെന്നോ ഉള്ള വേർതിരിവില്ലാതെ എല്ലാവരെയും തുല്യമായി കണ്ടു. രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും, ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ സഹായഹസ്തം നീട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ പല രോഗശാന്തി ശുശ്രൂഷകളും പാവപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ അടുപ്പത്തിന് തെളിവാണ്.

പരിശുദ്ധ പരുമല തിരുമേനി സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും, അദ്ദേഹം പാവപ്പെട്ടവരോട് കാണിച്ച നിസ്വാർത്ഥമായ സ്നേഹവും ഇന്നും മലങ്കര സഭയ്ക്കും കേരള സമൂഹത്തിനും മാതൃകയും പ്രചോദനവുമാണ്. ഒരു വിശുദ്ധൻ എന്ന നിലയിൽ, അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ, വിശുദ്ധി എന്നത് ദൈവത്തോടുള്ള സ്നേഹം മനുഷ്യസേവനത്തിലൂടെ പ്രകടിപ്പിക്കലാണ് എന്ന മഹത്തായ സന്ദേശം ഓരോ വർഷവും നമ്മെ ഓർമ്മിപ്പിക്കുന്നു.

പരി. പരുമല തിരുമേനിയുടെ കിടക്ക

AARON'S TIMES & MOBILES
ALAMTHURUTHY 9207 55 8753 0469 2908760
PODIYADI 9207 55 8761 0469 2999340
MOBILE - WATCH - CLOCK - TIMEPIECE
SALES & SERVICE, ACCESSORIES
MOBILE / DISH RECHARGE, PHOTOSTAT, GIFT & FANCY ITEMS, REMOTE.

100% COLOR GUARANTEE
ഏറ്റവും മികച്ച പെയിന്റ്സ്
ഏറ്റവും മികച്ച ഹാർഡ്‌വെയർസ്
ഒരൊറ്റ കുടക്കീഴിൽ
Berger Authorised Dealer
Berger · Vapocure Paints · INDIGO · NEROLAC
OPEN MONDAY - SATURDAY 7.30 AM - 6.30 PM
കൂടാതെ മറ്റു പ്രമുഖ കമ്പനികളുടെ ഉത്പന്നങ്ങളും, സിമന്റ്, കൺസ്ട്രക്ഷൻ ടൂൾസ് തുടങ്ങിയവയും ലഭ്യമാണ്.
MANGALAN HARDWARE
CYCLEMUKKU JUCTION & KADAPRA
PAINTS HARDWARE
+91-9744048716
+91-8075825032
+91-9605217510
ALSO UNDERTAKE ALL TYPES PAINTING CONTRACTS

CENTRAL ENGINEERING INSTITUTE & PRIVATE ITI
Mallappally, Pathanamthitta (Dist)
E-Mail : centralitcmlpy@yahoo.co.in, www.centralitc.org
Ph : 0469-2782323, 2681505
Mob : 9496147187
NCVT : Draughtsman/Civil with Auto CAD
:Electrician (Duration : 2 Yrs)
KGCE: Automobile with Wheel Alignment & Wheel Balancing, Electrical Engineering, Civil with AutoCAD, Refrigeration & Air-Conditioning Engineering , Electronics & Communication Engineering (Duration : 2 Yrs)
Job Oriented Course: Automobile Mechanic, Electrician cum plumber, X-ray Welding, CCTV Technician, Auto Electrician, Chain Survey, Total Station Survey, Motor Driving.
Rutronix Computer Course: PGDCA, DCA, PDDTP,MS- Office, Tally (PSC അംഗീകൃതം).

ഭാരം കുറച്ച്, ഡിസൈൻ കൂട്ടി! ആത്മവിശ്വാസത്തിന്റെ സ്വർണ്ണത്തിളക്കം
TRENDING LIGHT WEIGHT JEWELLERY COLLECTION
WHLESALE MAKING CHARGE
CHALAKUZHY JEWELLERS
Opening soon
സാമ്പമായ ലുക്കിനായി രൂപകൽപ്പന ചെയ്ത ലൈറ്റ് വെയിറ്റ് ഗോൾഡ് ഡിസൈനുകൾ
Ph: 7356341660
Chalakuzhy Building, Kadapra Mannar P.O., Niranam, Thiruvalla, Pin - 689621

CUSTOM MADE · WORLD WIDE DELIVERY · HANDMADE CASTING
PAULSON Wood Metal Stone
9495 680660
7559 062900
എല്ലാവിധ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ റീപോളിഷിംഗ് വർക്കുകളും പ്ലേറ്റിംഗ് വർക്കുകളും ഉത്തരവാദിത്വത്തോടെ മിതമായ നിരക്കിൽ ചെയ്ത് നൽകുന്നു.
www.thepaulson.com

BenJoe Bricks
Karikkottu BenJoe Industries
Industrial Estate, Kollakadavu, Mavelikara. Pin-690509
Mobile No : 8547024429, 9207044429, 9847444429, 9847044429
12" X 8" X 8", 12" X 8" X 6" AND 12" X 8" X 4" SIZES OF CONCRETE SOLID BRICKS ARE AVAILABLE.
Concrete Doors, Windows & Arches for Churches, Auditorium etc.

HOME STAY & RURAL RESORT
S S RESIDENCY
Kadapra, Niranam
Vacation Stay | Wedding Stay | Working womans
Monthly Stay | Daily Stay | Mini Functions
Ph: 91 88724593, 0469 2610812
Kerala Govt. Approved
Kerala Tourism Diamond House

കേരളകൗമുദി
പത്തനംതിട്ട

പമ്പയാറ്റിൽ തിരുമേനി വായിച്ച പക്ഷിമനസ്

▶സനോജ് വർഗീസ്

പമ്പാനദിയിലൂടെ വള്ളത്തിൽ യാത്രചെയ്യുന്നത് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നിത്യചര്യയിലൊന്നായിരുന്നു. കൂടെ സഞ്ചരിക്കുന്ന ശെമ്മാശന്മാർക്കൊപ്പം ആ യാത്ര പലപ്പോഴും ആത്മീയപാഠങ്ങളായിത്തീരുമായിരുന്നു. അത്തരമൊരു യാത്രയ്ക്കിടയിൽ സംഭവിച്ചതാണ് ഇന്നും ഭക്തരുടെ ഹൃദയത്തിൽ നിലനിൽക്കുന്ന 'പമ്പയിലെ പക്ഷികളുടെ കഥ'.

പമ്പയുടെ കരയിലെ ഒരു മരശാഖയിൽ ഇരുന്ന് ഒരു പക്ഷി ചിലച്ചുതുടങ്ങി. മറുകരയിലെ മരത്തിൽ നിന്ന് മറ്റൊരു പക്ഷിയും അതിന് മറുപടി നൽകി. ഇരുവരുടെയും ഈ സംഭാഷണസദൃശമായ ചിലച്ചിൽ യാത്രക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റി. അപ്പോൾ ശെമ്മാശന്മാരിൽ ഒരാൾ തിരുമേനിയെ സമീപിച്ച് ചോദിച്ചു "തിരുമേനീ, ഈ പക്ഷികൾ എന്താണ് പറയുന്നത്?"

തിരുമേനി പുഞ്ചിരിച്ചുകൊണ്ട് മറുപടി നൽകി:

"തള്ളപ്പക്ഷി പറക്കാൻ പഠിക്കുന്ന കുഞ്ഞുപക്ഷിയേയും കൂട്ടി മറുകരയിലെത്തട്ടേയെന്ന് ചോദിക്കുന്നു. മറുകരയിൽ ഇരിക്കുന്ന ആൺപക്ഷി വരാൻ പറയുന്നു. എന്നാൽ, കുഞ്ഞുപക്ഷി പറക്കുന്നതിനിടെ ക്ഷീണിച്ച് വെള്ളത്തിൽ വീണാൽ എന്തു ചെയ്യുമെന്ന ചോദ്യവും തള്ളപക്ഷി ചോദിക്കുന്നു. അതിന് ആൺപക്ഷി മറുപടി പറയുന്നു. 'ഞാൻ രക്ഷിക്കും.'"

തിരുമേനി പറഞ്ഞതെല്ലാം കഴിഞ്ഞതുമാത്രം, ആകാശത്ത് ആ രംഗം സജീവമായി. തള്ളപ്പക്ഷിയും കുഞ്ഞുപക്ഷിയും പറന്നുയർന്നു.

ആറിന്റെ നടുവിൽ എത്തിയപ്പോൾ കുഞ്ഞുപക്ഷി ക്ഷീണിച്ച് താഴേക്ക് വീണു. ഉടൻ ആൺപക്ഷി പറന്നെത്തി കുഞ്ഞുപക്ഷിയെ കൊത്തിയെടുത്ത് മറുകരയിലെ മരക്കൊമ്പിലേയ്ക്ക് സുരക്ഷിതമായി എത്തിച്ചു.

അത് ദൃശ്യമായ ഒരു ആത്മീയ പാഠമായിരുന്നു. വിശ്വാസം, ധൈര്യം, സ്നേഹം — ഈ മൂന്നു ഗുണങ്ങളിലൂടെ മാത്രമേ ജീവിതത്തിലെ പ്രയാസങ്ങളെ മറുകരയിലെത്തിക്കാനാകൂ എന്ന സന്ദേശം, പമ്പയാറ്റിൽ തിരുമേനി പക്ഷികളിലൂടെ വായിച്ചു തന്നതായിരുന്നു

.(പരുമല തിരുമേനിയുടെ വാത്സല്യ ശിഷ്യൻ പനക്കാവിൽ കൊച്ചു കോശി കത്തനാരുടെ, മകളുടെ മകൻ ഇടിക്കുള്ള ,തന്റെ മാതാമഹിയിൽ നിന്നു കേട്ട കഥ അവലംബം)

പരുമലതിരുമേനി എന്ന സാമൂഹിക പരിഷ്കർത്താവ്

▶അഡ്വ. ബിജു ഉമ്മൻ
അസോസിയേഷൻ സെക്രട്ടറി

പരിശുദ്ധനായ പരുമല തിരുമേനി ഒരു സാമൂഹ്യ പരിഷ്കർത്താവായിത്തീരാൻ അദ്ദേഹത്തെ ദൈവം ഉപയോഗിച്ചു. അദ്ദേഹം ഇന്നറിയപ്പെടുന്നത് പ്രാർത്ഥനയും ഉപവാസവും തപോനിഷ്ഠയും കൈമുതലായുള്ള ഒരു മഹർഷി പുംഗവനായിട്ടാണ്. പരിശുദ്ധിയുടെ നിറകുടമായിട്ടാണ്. എന്നാൽ അദ്ദേഹം സമൂഹത്തിന്റെ കെടുതികളെ നന്നായി മനസ്സിലാക്കി, അവിടെ മാറ്റമുണ്ടാക്കുവാൻ ആഗ്രഹിച്ച് അതിനുവേണ്ടി പ്രവർത്തിച്ച വ്യക്തിയായിരുന്നു.
പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിലെ സാമൂഹികാവസ്ഥയെപ്പറ്റി അറിഞ്ഞിരിക്കേണ്ടതാണ്. ഉച്ചനീചത്വങ്ങൾ, ജാതീയ വ്യവസ്ഥ, തീണ്ടലും തൊടിലും അയിത്തം കൊടികുത്തി വാഴുന്ന അവസ്ഥ ഇവയെല്ലാമായിരുന്നു സാമൂഹിക സ്ഥിതി താഴ്ന്ന ജാതിക്കാർക്ക് പൊതുവീഥിയിൽക്കൂടി നടക്കുന്നതിനുപോലും അനുവാദമില്ല. പട്ടിക്കും, പൂച്ചയ്ക്കും, കാളയ്ക്കും, കഴുതയ്ക്കും എവിടെയും വിഹരിക്കാം. പക്ഷേ, മനുഷ്യർക്കു വിലക്കും നിയന്ത്രണവും!

പരുമല തിരുമേനിക്ക് ഈ വ്യവസ്ഥിതിയോട് കടുത്ത അമർഷമുണ്ടായിരുന്നു. മനുഷ്യരെല്ലാം ആദരിക്കപ്പെടേണ്ടവരെന്ന ചിന്ത അദ്ദേഹത്തിൽ നിലനിന്നു. വിശുദ്ധനാട്ടിൽ സന്ദർശനം കഴിഞ്ഞ് മടങ്ങി വപ്പോൾ പരുമല വച്ചു ചെയ്ത പ്രസംഗം അദ്ദേഹത്തിന്റെ സാമൂഹിക ദർശനം വെളിപ്പെടുത്തുന്നതായിരുന്നു. സർവ്വജനത്തിന്റെയും രക്ഷകനായ ക്രിസ്തുവിന്റെ പ്രവർത്തനവേദിയായിരുന്ന വിശുദ്ധനാട് സന്ദർശിച്ചപ്പോൾ ലഭിച്ച പ്രചോദനത്തിൽ നിന്നാകാം ആ പ്രസംഗം.

അദ്ദേഹം തന്റെ സഭാംഗങ്ങളായവരെ ആഹ്വാനം ചെയ്തത് ഇപ്രകാരമാണ്. ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടത് എന്തെല്ലാമെന്ന് ആലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായി ദാരിദ്ര്യത്തിൽ മുഴുകി, പാപം ചെയ്തും കഷ്ടപ്പെട്ടും ജീവിക്കുന്ന അനവധി ആളുകളുണ്ട്. സമൂഹത്തിൽ താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്നവർക്ക് പൊതുവഴിയിൽക്കൂടിയുള്ള സഞ്ചാരമോ, സമസൃഷ്ടികളോടുള്ള അടുപ്പമോ സാധ്യമല്ലാതായിരിക്കുന്നത്.

'ഈ സാധുക്കൾക്ക് സത്യമായ അറിവ് ലഭിപ്പാനും അവരുടെ കഷ്ടപ്പാടുകൾ തീർക്കുവാനും അവർക്ക് വിദ്യാഭ്യാസത്തിലൂടെ വെളിച്ചം ലഭിക്കുവാനും അവരുടെ പാപങ്ങളിൽ നിന്നും, കുറ്റങ്ങളിൽ നിന്നും രക്ഷിക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു.

ഈ ചിന്തകൾ അന്നു വിപ്ലവകരമായ ദർശനത്തെ വെളിപ്പെടുത്തുന്നു. പള്ളിയും പ്രാർത്ഥനയുമായി മാത്രം പരുമല തിരുമേനിയെ കാണാൻ പാടില്ല. ഒരു വലിയ സാമൂഹ്യ പരിഷ്കർത്താവായിട്ട് അദ്ദേഹം മാറിയിരുന്നു.

സമൂഹത്തിൽ തിരസ്കൃത ജനതയുടെ വിമോചനത്തിനുള്ള പരുമല തിരുമേനിയുടെ ആഹ്വാനവും ഇടപെടലുകളും അതിശക്തമായിരുന്നു. സമൂഹത്തിലെ താഴ്ന്ന സമുദായത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ അത്യുന്നതി ലക്ഷ്യമിട്ട് അനവധി കർമ്മപദ്ധതികൾക്ക് തിരുമേനി പ്രാരംഭമിട്ടു.

വിനയം, ക്ഷമാശീലം, കരുണ, ഔദാര്യം, നിഷ്കാപട്യം, സമഭാവന തുടങ്ങിയ മൂല്യങ്ങൾ സമ്പൂർണ്ണമായി പ്രതിഫലിക്കുന്നതായി പരുമല തിരുമേനിയുടെ ജീവചരിത്രമെഴുതിയ എം.പി. വർക്കി 1902ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ആരാധനയിലൂടെയും സഭാവിശ്വാസ സംഹിതകളിലൂടെയും പരിചയപ്പെട്ട യേശുക്രിസ്തുവിനെ ലോകത്തിന് സ്വജീവിതത്തിലൂടെ വെളിപ്പെടുത്തുവാൻ തിരുമേനിക്ക് കഴിഞ്ഞു. ആ ആരാധനാ ജീവിതവും വ്രതാനുഷ്ഠാന ശൈലികളും വിമോചന ദർശനം ഉൾക്കൊണ്ട സാമൂഹിക നിലപാടുകളും പുതുതലമുറയ്ക്ക് മാർഗ്ഗദർശകമാണ്.

പരുമല തീർത്ഥാടനത്തിന് എത്തുന്ന ഭക്തർക്ക് പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിത ദർശനം മാതൃകയായി സ്വീകരിക്കാൻ കഴിയണം. സമൂഹത്തിന് നന്മ പകരുന്ന ദർശനങ്ങൾ രൂപപ്പെടുത്തുവാൻ പരുമല തീർത്ഥാടനം വഴിയൊരുക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരുമലപ്പെരുന്നാളും വെറ്റിലയേറും

▶ഫാ. ബിജു പി. തോമസ്,
നിരണം

പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ കൊടിയേറ്റുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് പ്രാധാന്യം നേടിയ ആചാരമാണ് വെറ്റിലയേറ്. നവംബർ 1, 2 തീയതികളിലാണ് പരുമല പെരുന്നാൾ ആചരിക്കുന്നത്. പെരുന്നാളിന് മുമ്പുള്ള ഞായറാഴ്ച നടക്കുന്ന കൊടിയേറ്റിനിടയിൽ, ഭക്തർ കൊടിമരച്ചുവട്ടിൽ നിന്നും കൈയിൽ കരുതിയ വെറ്റിലത്തളിരുകൾ ആകാശത്തേക്ക് എറിഞ്ഞ് പ്രാർത്ഥിക്കുന്നു. ആയിരങ്ങൾ പങ്കെടുക്കുന്ന ഈ സന്ദർഭം ആത്മീയ ആവേശം നിറയുന്നു. കരയുന്നവരും പ്രാർത്ഥനയിൽ മുങ്ങുന്നവരും ചേർന്ന് ആ നിമിഷം ദൈവാനുഗ്രഹത്തിന്റെ നേരനുഭവത്തിലൂടെയാണ് കടന്നുപോകുന്നത്.
ഈ ആചാരം കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളിലാണ് ഇത്തരത്തിൽ പ്രചാരത്തിലായത്. മറ്റേതെങ്കിലും ക്രൈസ്തവ ദേവാലയങ്ങളിൽ ഇതിന് സമാനമായ ആചാരം ഉണ്ടെന്നു തോന്നുന്നില്ല. ചിലർ കരുതുന്നതു പോലെ തിരുമേനി വസൂരിയാലല്ല മരണപ്പെട്ടതു; അർശ്ശസും വയറ്റിലെ അൾസറുമാണ് മരണകാരണം. 'ഇടവക പത്രിക '(1902) യിൽ വന്ന വാർത്ത ഇതു സ്ഥിരീകരിക്കുന്നു. രോഗം കഠിനമായപ്പോൾ വിവിധ ചികിത്സകൾ നടത്തിയെങ്കിലും ഫലം കണ്ടില്ല. അവസാന ദിവസങ്ങളിൽ തിരുമേനി കന്തീല ശുശ്രൂഷയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്തു. തിരുമേനി കിടന്നിരുന്നതിനെക്കുറിച്ച് ജീവചരിത്രപുസ്തകങ്ങളിൽ പറയുന്നത് അനുസരിച്ച് ഒരു കട്ടിലും, ഒരു പുൽപ്പായയും മാന്തോലും മാത്രമായിരുന്നു ശയനോപകരണങ്ങൾ. വെറ്റില വിരിച്ച കിടക്കയിലായിരുന്നുവെന്നോ വെറ്റിലമെത്ത ഉപയോഗിച്ചെന്നോ തെളിവുകളില്ല. എങ്കിലും വെറ്റിലയുടെ ഔഷധഗുണം വലിയതായതിനാൽ വൈദ്യോപദേശപ്രകാരം അത് ഉപയോഗിച്ചിരിക്കാമെന്നത് നിഷേധിക്കാനും ആവില്ല. പാരമ്പര്യ വൈദ്യശാസ്ത്രത്തിൽ വെറ്റില വേദനശമനം, ദഹനസംരക്ഷണം, ചർമ്മസംബന്ധമായ രോഗശമനം എന്നിവയ്ക്കായി ഉപയോഗിച്ചിരുന്നു. ഇതു വാമൊഴിയായി പ്രചരിച്ചതാകാം പെരുന്നാൾ ആചാരമായ വെറ്റിലയേറിന് ആധാരം.
മലങ്കര നസ്രാണി ആചാരങ്ങളിൽ തദ്ദേശീയ സംസ്കാരത്തിന്റെ സ്വാധീനം കാണാം. അതുകൊണ്ട് വെറ്റിലയുടെ ആത്മീയ സാംസ്കാരിക പ്രതീകങ്ങൾ മനസ്സിലാക്കുന്നത് പ്രാധാന്യമേറിയതാണ്. ഭാരതീയ സംസ്കാരത്തിൽ വെറ്റില വിശുദ്ധിയും മംഗളവും സൂചിപ്പിക്കുന്നു. എല്ലാ ശുഭകാർമങ്ങളിലും അതിനുള്ള പ്രാധാന്യം വലുതാണ്.
വെറ്റിലയുടെ ആത്മീയ അർഥങ്ങൾ:

1. വിശുദ്ധിയുടെയും മംഗളത്തിന്റെയും പ്രതീകം: ആരാധനയുടെ ആരംഭത്തിൽ വെറ്റില സമർപ്പിക്കുന്നത് ദൈവാനുഗ്രഹം തേടുന്ന ഭക്തന്റെ ആഗ്രഹമാണ്.
2. സമർപ്പണത്തിന്റെ ചിഹ്നം: കൊടിയേറ്റിനിടയിൽ വെറ്റില എറിഞ്ഞ് ഭക്തർ സമൂഹമായി ദൈവത്തിന് മുന്നിൽ ആത്മാർത്ഥ പ്രാർത്ഥന സമർപ്പിക്കുന്നു.
3. മംഗളദ്രവ്യം: അരി, പൂവ്, തേങ്ങ, വിളക്ക്, വെറ്റില തുടങ്ങിയ പഞ്ചമംഗലദ്രവ്യങ്ങളിൽ വെറ്റില പ്രധാനമാണ്. ഇവയുടെ സാന്നിധ്യം ചടങ്ങുകൾക്ക് ദൈവാനുഗ്രഹം നൽകുമെന്ന് വിശ്വാസം.
4. പ്രാണവായു വർദ്ധന: തളിർവെറ്റില ഉപയോഗിക്കുന്നത് ആത്മീയ ഊർജ്ജം വർദ്ധിപ്പിക്കുന്നു എന്നതും പരമ്പരാഗത വിശ്വാസമാണ്.

വെറ്റിലയേറ് ഭക്തരുടെ ആത്മീയതയുടെ പ്രതിഫലനമായും പരുമലയുടെ ആരാധനാശേഷിയുടെ പ്രതീകമായും മാറിയിരിക്കുന്നു. എങ്കിലും ആചാരാനുഷ്ഠാനങ്ങൾ ആത്മീയ ജീവിതത്തെ ബലപ്പെടുത്തുന്നുവോ എന്നതിൽ ഓരോരുത്തരും വിചിന്തനം നടത്തേണ്ടതാണ്. ആചാരത്തിന് ആത്മാവുണ്ടെങ്കിൽ അതു വിശ്വാസജീവിതത്തെ വളർത്തും; ഇല്ലെങ്കിൽ അത് അർത്ഥശൂന്യമായിമാറും. പരുമലതിരുമേനിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് അതാണ് — ആത്മീയത ആചാരത്തിലല്ല, ദൈവസന്നിധിയിലുള്ള ജീവിതത്തിലാണ്.

ഡോ. രശ്മി മടങ്ങുന്നു തെളിമയുള്ള കണ്ണുകളുമായി

തിരുവല്ല: ലാസിക് ചികിത്സയിൽ കണ്ണിന്റെ തെളിമ നഷ്ടപ്പെട്ട ഡോക്ടർക്ക് ആയുർവേദം തുണയായി. യു.എസിലെ മിയാമിയിൽ താമസിക്കുന്ന ഡോ. രശ്മിയുടെ കണ്ണുകൾക്കാണ തിരുവല്ല സുദർശനം നേത്ര ചികിത്സാലയം തുണയായത്. 2008ൽ ലാസിക് ശസ്ത്രക്രിയ നടത്തിയ ശേഷം കാഴ്ച ക്രമേണ കുറഞ്ഞതോടെ തന്റെ മേഖലയായ ലാപ്രോസ്കോപിക് സർജറി 2015 ഓടെ പൂർണമായും ഉപേക്ഷിച്ചു.
2021ൽ തിരുവല്ല സുദർശനത്തിൽ ആദ്യമായി വരുമ്പോൾ കണ്ണു തുറക്കുവാൻ പോലും പറ്റാത്ത അവസ്ഥയിലായിരുന്ന ഡോക്ടർ ഇന്ന് കണ്ണുകൾ വിടർത്തി എല്ലാവരെയും നേരിൽ കാണുന്നു. ഡോ. രശ്മി വീണ്ടും തന്റെ വിദഗ്ധ മേഖലയായ കീഹോൾ സർജറി ചെയ്യാൻ മാനസികമായി തയാറെടുക്കുകയാണ്. കാഴ്ചശക്തി തിരികെ ലഭിച്ചതിന് സഹായിച്ച ഡോ. ഗോകുലന് നന്ദി പറഞ്ഞാണ് ഡോ. രശ്മി മടങ്ങിയത്.

ഡോ. രശ്മി

SUDARSHANAM
Ayurvedic Eye Hospital & Panchakarma Centre
Thiruvalla-5, Kerala, India
Phone: 0469 2630 718, 807 515 0603
Email: info@netrafoundation.com | www.netrafoundation.com